**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1489 06.03.2020 ൽ മറുപടിക്ക്

**എയ്ഡഡ് കോളേജുകളിൽ പിന്നാക്കവിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന ഫീസിളവ്**

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**

**മറുപടി**
**ഡോ.കെ.ടി.ജലീൽ**
**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം നേടിയ വരുമാനം കുറഞ്ഞ പിന്നാക്കവിഭാഗത്തിലെ കുട്ടികൾക്ക് കെ.പി.സി.ആർ. പ്രകാരം ഫീസിളവ് നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | ഇല്ല . സ.ഉ.(അച്ചടി)നം208/1966/Edn തീയതി 02.05.1966 പ്രകാരം സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെരിററിലും റിസർവേഷനിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ് കെ.പി.സി.ആർ വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നത്. എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം നേടിയ വരുമാനം കുറഞ്ഞ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് കെ.പി.സി.ആർ. പ്രകാരം ഫീസിളവ് അനുവദിച്ച് വരുന്നില്ല |
| (ബി) | നിലവിൽ ഇത്തരത്തിൽ പ്രവേശനം നേടിയ കുട്ടികൾക്ക് ഫീസിളവ് നൽകേണ്ട എന്ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടിയ എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം സംബന്ധിച്ച് നിലവിലുള്ള സ്ഥിതി തുടർന്നു വരുന്നു. |
| (സി) | പിന്നാക്കവിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുട്ടികൾക്ക് നൽകിയിരുന്ന ഫീസിളവ് പിൻവലിക്കാനുണ്ടായ കാരണമെന്താണ്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) & (ഡി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള സർക്കാർ/സർക്കാർ അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെരിറ്റിലും റിസർവേഷനിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.പി.സി.ആർ. ആനുകൂല്യം നൽകി വരുന്നുണ്ട്. ആയത് പിൻവലിച്ചിട്ടില്ല |
| (ഡി) | പ്രസ്തുത കുട്ടികൾക്ക് ലഭിച്ചിരുന്ന ഫീസിളവ് അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ